## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5230**

**27.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ഉടുമ്പൻചോല താലൂക്കിലെ പട്ടയ വിതരണം

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ

മറുപടി

ശ്രീ.കെ.രാജൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിൽ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ ഇരട്ടയാർ ഡാമിന്റെ പരിസരപ്രദേശങ്ങളിൽ അധിവസിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) & (ബി) & (സി) | ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിൽ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ ഇരട്ടയാർ ഡാമിന്റെ പരിസരപ്രദേശങ്ങളിൽ അധിവസിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിന് 24/10/2017 ലെ സ.ഉ.(കൈ) നമ്പർ.352/2017/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇരട്ടയാർ വില്ലേജിലെ 10 ചെയിൻ മേഖലയിൽ പട്ടയ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും നാളിതുവരെ 1822 കൈവശക്കാർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്. വിവിധ കാരണങ്ങളാൽ (അപേക്ഷ കക്ഷി മരണപ്പെട്ടത് / അതിർത്തി തർക്കം / അവകാശതർക്കം മുതലായവ) 24 അപേക്ഷകളിൻമേൽ നിലവിൽ പട്ടയ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതും ശേഷിക്കുന്ന 62 അപേക്ഷകളിൽ നടപടികൾ നടന്നുവരുന്നതുമാണ്. |
| (ബി) | ഈ ക്യാച്ച്മെന്റ് ഏരിയായ്ക്ക് ജണ്ടയിട്ട് തിരിച്ചിരിക്കുന്ന പ്രദേശം (പത്ത് ചെയിനായി മുൻപ് നിശ്ചയിച്ചിരുന്ന പ്രദേശം) ഒഴിച്ചുള്ള ഭാഗം പട്ടയ നടപടികൾക്ക് പരിഗണിച്ചിട്ടുണ്ടോ; | | |
| (സി) | ഈ പ്രദേശത്തുനിന്നും പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | | |
| (ഡി) | ഇരട്ടയാർ മേഖലയിലെ 10 ചെയിൻ പ്രദേശം വൈദ്യുതി ബോർഡിന് ആവശ്യമില്ലായെന്ന് വൈദ്യുതി ബോർഡ് ഡെപ്യൂട്ടി ചീഫ് എൻജിനീയർ അറിയിച്ചിട്ടുണ്ടോ? | | (ഡി) ഇരട്ടയാർ മേഖലയിലെ 10 ചെയിൻ പ്രദേശത്ത് പതിവ് നടപടികൾ സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡിന് ആക്ഷേപമില്ലാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ